(ഡി) പെർമനൻറ് തൊഴിലാളികൾക്ക് സ്ഥിരജോലിയും മാസ ശമ്പളവും പേ സ്കെയിലിൽ. കാഷ്വൽ തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന ദിവസം മാത്രം ദിവസകൂലിയുമാണുള്ളത്.

(ഇ) പെർമനൻറ് വിഭാഗത്തിന് ശമ്പളസ്കെയിൽ—

പുരുഷൻ—രൂപ 65-3-80-4-100-5-110

സ്ത്രീ—രൂപ 50-3-65-4-85-5-90

കാഷ്വൽ വിഭാഗത്തിന് ജീവിതനിലവാര സൂചിക അനുസരിച്ചുള്ള വേതനം.

(എഫ്) മാസശമ്പളക്കാരുടെ ശമ്പളസ്കെയിൽ.

(ജി) എല്ലായിടത്തും ഒന്നുതന്നെ. എന്നാൽ അതാതു ഡിസ്ട്രിക്റ്റിലെ ജീവിതനിലവാര സൂചിക കണക്കിലെടുത്ത് വേതനം നിശ്ചയിക്കുന്നതിനാൽ ഓരോ ഡിസ്ട്രിക്റ്റിലും, കാഷ്വൽ വിഭാഗത്തിന്റെ വേതനതുകയിൽ വ്യത്യാസമുണ്ടാകും.

(എച്ച്) എല്ലാ ഫാമുകളിലും നൽകിയിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഐ) വിവരം ശേഖരിച്ചുവരുന്നു.

(ജെ) വർഷത്തിൽ 240 ദിവസം ജോലിചെയ്തു എന്ന കാരണത്താൽ ഒരു തൊഴിലാളിയേയും സ്ഥിരപ്പെടുത്താൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(കെ) അന്വേഷിക്കാം.

(എൽ) നിയമവിധേയമാണെങ്കിൽ നൽകുന്നതാണ്.

(എം) ഉണ്ട്.

(എൻ) കഴിയുന്നതും വേഗം കൊടുത്തു തീർക്കാനുള്ള എല്ലാ നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ട്.

തെങ്ങുരോഗ നിവാരണത്തിനുള്ള സ്കീമുകൾ

1090 [1738] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തെങ്ങുരോഗ നിവാരണത്തിനായി ഇന്നു നിലവിലുള്ള സ്കീമുകൾ എന്തൊക്കെയാണ്;

(ബി) രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വച്ചു പിടിപ്പിക്കാനുള്ള സ്കീം ഇപ്പോൾ എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്;

(സി) ഈ സ്കീം സംസ്ഥാന വ്യാപകമാക്കാൻ എത്ര കാലമെടുക്കും;

(ഡി) ഈ പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ എന്തു തുക ചെലവായിട്ടുണ്ട്;

(ഇ) എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നു പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെ പറയുന്ന 4 സ്കീമുകളും നിലവിലുണ്ട്.

1. രോഗബാധിതമായതും, അതുകൊണ്ട് കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾക്കു പകരം അത്യുൽപ്പാദനശേഷിയുള്ള റെഡ് ഇൻറു ഡി, ഡി ഇൻറു റെഡ് മുതലായ സങ്കരയിനം തൈകളും വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി.

2. രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കൃഷിക്കാർക്ക് 75 രൂപ വീതം സഹായധനം നൽകുന്നതിനുള്ള പദ്ധതി.

3. രോഗബാധിത ജില്ലകളിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ സൗജന്യ നിരക്കിൽ മരുന്നുതളി നടത്തിവരുന്ന പദ്ധതി.

4. തെങ്ങിനെ ബാധിക്കുന്ന വേര് ചീയൽ രോഗം മറ്റു പ്രദേശങ്ങളിൽവ്യാപിക്കാതെ ഇരിക്കുന്നതിലേക്കായി ആറിങ്ങലും, ഇരിങ്ങാലക്കുടയിലും ഓരോ ബൽറ്റർ ആവിഷ്കരിച്ച് സൗജന്യമായി ഈ പ്രദേശങ്ങളിൽ മരുന്നുതളി നടത്തുന്ന പദ്ധതി.

(ബി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ.

(സി) 13 വർഷം.

(ഡി) 4,76,034 രൂപ.

(ഇ) 8749 കൃഷിക്കാർക്ക്.

തരൂർ ഗവൺമെൻറ് ആയുർവേദ ആശുപത്രി

1091 [1739] പ്രൊ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ ഗവൺമെൻറ് ആയുർവേദാശുപത്രി കെട്ടിടം തകർന്ന് താഴെ വീഴുന്ന സ്ഥിതിയിലാണെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപകടം സംഭവിക്കുന്നതിന് മുമ്പായി പ്രസ്തുത ആശുപത്രി കെട്ടിടം നന്നാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടി കെട്ടിടം അപകടനിലയിലാണെന്ന് അടുത്ത കാലത്ത് വിവരം ലഭിച്ചിട്ടുണ്ട്.

(ബി) ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന കെട്ടിടം തരൂർ പഞ്ചായത്ത് വകയായതിനാൽ പഞ്ചായത്തു അധികൃതരുമായി സമ്പർക്കം പുലർത്തി കേടുപാടുകൾ തീർക്കുന്നതിന് ആയുർവേദ വകുപ്പ് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly